**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 728** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ എത്ര പേർ കൊല്ലപ്പെട്ടുവെന്ന വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ ഏഴ് പേർ മരണപെട്ടിട്ടുണ്ട്.

**(ബി)** പ്രസ്തുത സംഭവത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കാമോ?

**<u>മറുപടി:</u>** വന്യജീവി ആക്രമണങ്ങളിൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത 7 ജീവഹാനി സംഭവങ്ങളിൽ 6 പേരുടെ ആശ്രിതർക്കുള്ള സമാശ്വാസധനസഹായത്തിന്റെ ആദ്യഗഡു ആശ്രിതർക്ക് നൽകിയിട്ടുണ്ട്. നോർത്ത് വയനാട് ഡിവിഷനിൽ കാട്ടാനയാക്രമണത്തിൽ മരണപ്പെട്ട രാജുവിന്റെ അനന്തരാവകാശികൾ ഹാജരാകാത്തതിനാൽ തുക കൈമാറിയിട്ടില്ല.

മനുഷ്യ-വന്യജീവി സംഘർഷങ്ങൾ മൂലം അപകടങ്ങൾ നടന്ന പ്രദേശങ്ങളിൽ പ്രത്യേക ജാഗ്രത പുലർത്തുകയും RRT യും ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫും ഉൾപ്പെടെ നിരീക്ഷണം നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**